# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1714 06.03.17 ൽ മറുപടിയ്ക്ക്**

**ഓട്ടോമാറ്റിക് ഡ്രൈവിംഗ് ടെസ്റ്റ്**

| ചോദ്യം<br>ശ്രീ.വി.എസ്.ശിവകുമാർ | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | മോട്ടോർ വാഹന വകുപ്പ് മുട്ടത്തറയിലാരംഭിച്ച ഓട്ടോമാറ്റിക് ഡ്രൈവിംഗ് ടെസ്റ്റ് ട്രാക്ക്, ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് ട്രാക്ക് എന്നിവയ്ക്കെതിരെ ഉയർന്നു വന്നിട്ടുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. പരിഹരിയ്ക്കാനായി നടപടി കൈക്കൊണ്ടു വരുന്നു. |
| (ബി) | ഡ്രൈവിംഗ് ലൈസൻസ് അനുവദിക്കുന്നതിലെ ക്രമക്കേട് ഇല്ലാതാക്കുകയെന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന് പ്രസ്തുത നൂതന സംവിധാനം പ്രയോജനപ്രദമാണോ ; | (ബി) | പ്രയോജനപ്രദമാണ്. |
| (സി) | പ്രസ്തുത സംവിധാനത്തിന് എത്ര തുക ചെലവഴിച്ചുവെന്നും ഡ്രൈവിംഗ് ടെസ്റ്റ് ട്രാക്കിൽ ഇപ്പോഴും ടെസ്റ്റ് നടത്തുന്നുണ്ടോയെന്നും വ്യക്തമാക്കുമോ | (സി) | പദ്ധതി അടങ്കൽ തുക- 94,22,284/- രൂപയാണ്. 50% തുക കെൽട്രോണിന് കൈമാറി. |
| (ഡി) | പുതിയ സംവിധാനം നിലവിൽ വന്ന ശേഷം ഡ്രൈവിംഗ് ടെസ്റ്റിന് എത്തിയ ആളുകളിൽ എത്രശതമാനം ആളുകൾ ടെസ്റ്റ് പാസ്സായി എന്നറിയിക്കുമോ ? | (ഡി) | പുതിയ സംവിധാനം പൂർണ്ണമായി ആരംഭിച്ചിട്ടില്ല. ടെസ്റ്റിംഗ് ട്രാക്കിലെ അപര്യാപ്തതകൾ പരിഹരിക്കുന്നതിന് 01.03.2017 വരെ ലേണേഴ്സ് എടുത്തവർക്ക് പുതിയ സംവിധാനത്തിൽ പരിശീലിക്കുന്നതിനായി 31.03.2017 വരെ സമയം അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ